

കെ.പി. രാമനുണ്ണി

ഒരു എഴുത്തുകാരന്റെ ഹെറിറ്റേജിൽ എന്തെല്ലാം ഉൾച്ചേർന്നിരിക്കുന്നു? പ്രാചീനമായ ഉപലബ്ധികൾ മാത്രമാണോ ഹെറിറ്റേജായി എണ്ണാവുന്നത്? പിൽക്കാലത്തു വന്നുചേർന്ന സാംസ്കാരിക ധാരകളും ഹെറിറ്റേജിന്റെ ഭാഗമാകുമോ?

# സാഹിത്യത്തിന്റെ ഉന്മേഷദിനങ്ങൾ

> **വിഭജനത്തിന്റെയും ശിഥിലീകരണത്തിന്റെയും പ്രവണതകൾ ലോകത്തെമ്പാടും പടരുമ്പോൾ സഹസ്രാബ്ദങ്ങളായി നാനാത്വത്തിൽ ഏകത്വം ദർശിച്ച ജനസഞ്ചയം അതിനെതിരെ നടത്തിയ ഉണർച്ച കുടിയായിക്കാണണം ഭോപാലിലെ ലോകസാഹിത്യോത്സവത്തെ.**

സാഹിത്യത്തിൽ അനിവാര്യമായ ഉന്മേഷം അഭാവപ്പെടുന്നതിനെ ജപിച്ചുകൊണ്ടേയിരിക്കുന്ന കാലത്താണ് കേന്ദ്രസാഹിത്യ അക്കാദമി ഓഗസ്റ്റ് 3 മുതൽ 6 വരെ ഭോപാലിൽ വച്ച് ഒരു രാജ്യാന്തര സാഹിത്യോത്സവം നടത്തിയത്. ഉന്മേഷ ഫെസ്റ്റിവൽ ഓഫ് എക്സ്പ്രഷൻസ് എന്ന പേരിൽ 2022ൽ ഷിംലയിൽ സംഘടിപ്പിച്ച സാഹിത്യോത്സവത്തിന്റെ രണ്ടാം പതിപ്പാണിത്.

സർക്കാർപണം കൊണ്ടാണു പ്രവർത്തിക്കുന്നതെങ്കിലും പ്രസിഡന്റിനെ മുതൽ പ്യൂണിനെ വരെ തീരുമാനിക്കുന്നതിൽ കേന്ദ്രസർക്കാറിനു റോളില്ലാത്ത സ്ഥാപനമാണ് കേന്ദ്രസാഹിത്യ അക്കാദമി. സർക്കാറിന്റെ പ്രകടമായ കൈകടത്തലില്ലാതെ സ്വനിർണയാവകാശം ഇന്നും സൂക്ഷിക്കുന്ന ഏക സാംസ്കാരിക സ്ഥാപനവും 1956ൽ സ്ഥാപിതമായ നാഷനൽ അക്കാദമി ഓഫ് ലെറ്റേഴ്സാണ്. പ്രധാനമന്ത്രി എന്ന നിലയ്ക്കല്ല പ്രഗല്ഭനായ എഴുത്തുകാരൻ എന്ന നിലയ്ക്കാണ് പണ്ഡിറ്റ് ജവാഹർലാൽ നെഹ്റു സാഹിത്യ അക്കാദമിയുടെ ആദ്യ പ്രസിഡന്റായത്.


UNMESHA festival of expression
3–6 August 2023, Bhopal

തുടർന്ന് ഡോ. എസ്.രാധാകൃഷ്ണൻ, സക്കീർ ഹുസൈൻ, യു.ആർ. അനന്തമൂർത്തി, രമാകാന്ത് റത്ത്, പ്രതിഭാ റായ്, ചന്ദ്രശേഖര കമ്പാർ തുടങ്ങിയ ഉന്നതശീർഷർ പിന്നീട് അക്കാദമിയുടെ അധ്യക്ഷസ്ഥാനത്തേക്കു വന്നു. അംഗീകരിച്ച 24 ഭാഷകൾക്കും പുരസ്കാരസമർപ്പണങ്ങൾ, ദേശീയ സെമിനാറുകൾ, സിംപോസിയങ്ങൾ, മീറ്റ് ദി ഓഥർ തുടങ്ങിയ പരിപാടികളുടെ നടത്തിപ്പ്, മേക്കേഴ്സ് ഓഫ് ഇന്ത്യൻ ലിറ്ററേച്ചർ സീരീസ് പുറത്തിറക്കൽ, കനപ്പെട്ട പഠന-നിരൂപണ ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണം എന്നിങ്ങനെ സർവതലസ്പർശിയായ കർമപരമ്പരകളിലേക്കു സാഹിത്യ അക്കാദമി അങ്ങനെ പ്രവേശിച്ചു. സമ്മേളനങ്ങൾക്കും സംവാദങ്ങൾക്കും പരിഭാഷാ ശിൽപശാലകൾക്കുമായി വിവിധഭാഷാ എഴുത്തുകാർ രാജ്യത്ത് തലങ്ങും വിലങ്ങും സഞ്ചരിച്ചു. നിറ്റ് ഇന്ത്യാ ത്രൂ ലിറ്ററേച്ചർ എന്ന ദൗത്യത്തിനായി നാഷനൽ അക്കാദമി ഓഫ് ലെറ്റേഴ്സ് ഒരുമ്പെട്ടിറങ്ങി.

ഇത്തരം പ്രവർത്തനങ്ങളുടെ തുടർച്ച മാത്രമല്ല ഉന്മേഷ 2023, അതിലുമുപരിയായ പ്രേരണാശക്തികൾ ഉന്മേഷയ്ക്കു പിറകിൽ കണ്ടെത്താൻ കഴിയും. വിഭജനത്തിന്റെയും ശിഥിലീകരണത്തിന്റെയും പ്രവണതകൾ ഇന്ത്യയിൽ മാത്രമല്ല ലോകത്തെമ്പാടും പടരുമ്പോൾ സഹസ്രാബ്ദങ്ങളായി നാനാത്വത്തിൽ ഏകത്വം ദർശിച്ച ജനസഞ്ചയം അതി



ദ്രൗപദി മുർമു



ആരിഫ് മുഹമ്മദ് ഖാൻ

നെതിരെ നടത്തിയ ഉണർച്ചകൂടിയായിക്കാണണം ഭോപാലിലെ ലോകസാഹിത്യോത്സവത്തെ. കാരണം എന്തെല്ലാം ആശയകാലുഷ്യങ്ങൾക്കും തർക്കങ്ങൾക്കുമിടയിലും ഒരുമയുടെയും യോജിപ്പിന്റെയും സംഗീതശ്രുതിയാണ് ഉന്മേഷ ഫെസ്റ്റിവൽ ഓഫ് എക്സ്പ്രഷൻസിൽ ഉയർന്നുകേട്ടത്. അതുതന്നെയാണ് സാഹിത്യത്തിന്റെ മാഹാത്മ്യവും. കലഹപ്രിയരായ സാഹിത്യകാരന്മാർ നിർമിക്കുന്ന കഥകളും കവിതകളും പോലും സ്നേഹത്തിന്റെയും സൗഹാർദത്തിന്റെയും ഈണങ്ങളാണ് മീട്ടുകയെന്ന് നമ്മൾ മലയാളികൾക്കു നന്നായി അറിയാവുന്നതാണ്.

രാഷ്ട്രപതി ദ്രൗപദി മുർമുവാണ് ഉന്മേഷയും അതേ സമയത്തുതന്നെ ഭോപാലിൽ നടന്ന സംഗീതനാടക അക്കാദമി കലാമേളയായ ഉൽക്കർഷയും ഉദ്ഘാടനം ചെയ്തത്. മധ്യപ്രദേശ് ഗവർണറും മുഖ്യമന്ത്രിയും അടങ്ങുന്ന ഉന്നതസ്ഥാനീയർ സന്നിഹിതരായിരുന്ന വേദിയിൽ ഫലഭൂയിഷ്ഠമായ ഇന്ത്യൻ മണ്ണിന്റെ പ്രതീകമായ ദ്രൗപദി മുർമു നാട്യങ്ങളില്ലാത്ത തന്റെ ഭാഷയിൽ സാഹിത്യത്തിന്റെ സ്നേഹോൽപാദന ശക്തിയെക്കുറിച്ചു സംസാരിച്ചു.

ഉദ്ഘാടന സമ്മേളനത്തിന്റെ തുടർച്ചയായി നടന്ന സാഹിത്യ സമ്മേളനങ്ങളിൽ ദേശത്തുനിന്നും വിദേശത്തുനിന്നുമുള്ള അറുനൂറോളം എഴുത്തുകാർ പങ്കെടുത്തു. സാഹിത്യ-സംസ്കാര സംബന്ധിയായ എല്ലാ വിഷയങ്ങളും പരിചരിക്കപ്പെട്ടു. ആറു വേദികളിലായി എൺപതോളം സെഷനുകൾ നടന്നു. നാലു ദിവസവും ഭോപാലിലെ രവീന്ദ്രഭവൻ അക്ഷരസദസ്സിന്റെ സ്വർഗീയവേദിയായി.

വാട്ട് ഫ്രീഡം മീൻസ് ടു മി, ഡിസ്കഷൻ ഓൺ ദി ഐഡിയാ ഓഫ് ഇന്ത്യ, ഇംപോർട്ടൻസ് ഓഫ് മദർ ടംഗ്സ്, ഡിസ്കഷൻ ഓൺ ഇന്ത്യൻ പോയറ്റിക്സ്, ലിറ്ററി ഹെറിറ്റേജ് ഓഫ് ഇന്ത്യ, സ്റ്റോറി ടെല്ലിങ് ട്രെഡിഷൻസ് ഇൻ ഇന്ത്യ, ഫെമിനിസം ആൻഡ് ലിറ്ററേച്ചർ, കൾച്ചറൽ ഹെറിറ്റേജ് ഓഫ് ഇന്ത്യ, ഡിസ്കഷൻ ഓൺ യൂനിറ്റി ഇൻ ഡൈവേഴ്സിറ്റി എന്നിവയായിരുന്നു പ്രമുഖ സെഷനുകളിൽ കൂടുതൽ ജനശ്രദ്ധയാകർഷിച്ചത്.

ഭക്തിസാഹിത്യ പ്രസ്ഥാനത്തെക്കുറിച്ചുള്ള സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചത് കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാനാണ്. ഇന്ത്യയുടെ കാവ്യപാരമ്പര്യത്തെക്കുറിച്ചുള്ള ചർച്ചയ്ക്ക് കേരളസാഹിത്യ അക്കാദമി അധ്യക്ഷൻ സച്ചിദാനന്ദൻ നേതൃത്വം നൽകി.

എഴുത്തിന്റെ ജീവശ്വാസമായ സ്വാതന്ത്ര്യത്തെ പുനർനിർവചിക്കുകയാണ് വാട്ട് ഫ്രീഡം മീൻസ് ടു മി എന്ന സമ്മേളനം സത്യത്തിൽ ചെയ്തത്. ഏവരും സ്വാതന്ത്ര്യത്തെ ഇച്ഛരിക്കുന്നു. അസ്വാതന്ത്ര്യത്തെ വെറുക്കുന്നു. എന്നാൽ ഉത്തരം പറയാൻ സ്വാതന്ത്ര്യം നൽകിയാൽ മാത്രമേ സ്വാതന്ത്ര്യമേത് അസ്വാതന്ത്ര്യമേത് എന്ന ചോദ്യം ചോദിക്കാൻ സാധിക്കൂ. ഓരോ വ്യക്തിയുടെയും ഓരോ സമൂഹത്തിന്റെയും സ്വാതന്ത്ര്യസങ്കൽപം വ്യത്യസ്തമാണ്. എന്തുതന്നെയായാലും സാഹിത്യമെഴുത്ത് മൗലികമായ സ്വാതന്ത്ര്യ പ്രഖ്യാപനവുമാണ്.

ചർച്ചയ്ക്ക് ആധ്യക്ഷ്യം വഹിച്ച പ്രശസ്ത രാജസ്ഥാനി എഴുത്തുകാരനാ

**ഓരോ വ്യക്തിയുടെയും ഓരോ സമൂഹത്തിന്റെയും സ്വാതന്ത്ര്യസങ്കൽപം വ്യത്യസ്തമാണ്. എന്തുതന്നെയായാലും സാഹിത്യമെഴുത്ത് മൗലികമായ സ്വാതന്ത്ര്യ പ്രഖ്യാപനവുമാണ്.**

യ അർജുൻ ദേവ് ചരൺ എഴുത്തുകാരന്റെ മാധ്യമമായ ഭാഷയുടെ സ്വാതന്ത്ര്യത്തിലാണ് പ്രധാനമായും ഊന്നിയത്. പണ്ടേക്കുപണ്ടേ ജനകീയമായ സാഹിത്യം രാജസ്ഥാനിയിൽ നിലനിന്നിരുന്നു. അതിൽ കഥകളും കവിതകളും പുഷ്കലവുമായിരുന്നു. പെട്ടെന്നൊരു ചരിത്രസന്ധിയിൽ ഹിന്ദിക്കു വന്നുചേർന്ന വരേണ്യപദവിയാൽ മാതൃഭാഷയിൽ സാഹിത്യം സംഭാവ്യമല്ലെന്നൊരു ബോധം രാജസ്ഥാൻകാരിൽ അങ്കുരിച്ചു. ആ പ്രജ്ഞാത്തടവിൽനിന്ന് എഴുത്തുകാർ മോചിതരാകാൻ പിന്നീട് എത്രയോ വർഷങ്ങൾ വേണ്ടിവന്നു. എഴുത്തുകാരനു പ്രാഥമികമായി വേണ്ടത് സ്വന്തം ഭാഷയുടെ വീര്യവും സ്വാതന്ത്ര്യവുമാണെന്നാണ് അർജുൻ ദേവ് ചരൺ സ്ഥാപിക്കാൻ ശ്രമിച്ചത്. അധികാരഘടനകൾ സ്വതഃസിദ്ധമായ ഭാഷയെ ദമനം ചെയ്യാൻ മുതിരുമ്പോൾ പ്രതിരോധിക്കുക തന്നെ വേണം.

സാഹിത്യം സംസ്കൃതത്തിലായിരിക്കണമെന്നും ഭാഷാസാഹിത്യം മറിച്ചുനോക്കാൻപോലും അർഹമല്ലെന്നും തുഞ്ചത്താചാര്യനോടു പണ്ട് മേൽപത്തൂർ പറഞ്ഞ കാര്യമാണ് മുതിർന്ന രാജസ്ഥാനി എഴുത്തുകാരന്റെ നിരീക്ഷണങ്ങൾ എന്നെ ഓർമിപ്പിച്ചത്. അധീശഭാഷകളിൽ നിന്നുള്ള സ്വാതന്ത്ര്യലബ്ധിയാണല്ലോ മലയാളസാഹിത്യത്തെ ഇന്ന് ഉന്നതമായ പദവിയിലെത്തിച്ചിട്ടുള്ളത്. എന്നാൽ ഇംഗ്ലിഷ് മീഡിയത്തിന്റെ പ്രചുരപ്രചാരവും ഇംഗ്ലിഷ് രചനകൾക്കു ലിറ്ററേച്ചർ കോർപറേറ്റിസം നൽകുന്ന വമ്പിച്ച സാമ്പത്തികപിന്തുണയും സാഹിത്യഭാഷ ഇംഗ്ലിഷാണെന്ന തോന്നൽ പുതുതലമുറയിൽ സൃഷ്ടിക്കുമോ എന്നറിയില്ല. അങ്ങനെ സംഭവിച്ചാൽ മണ്ണിന്റെ മണമുള്ള ജൈവസാഹിത്യത്തിന്റെ തിരോധാനമായിരിക്കും ഫലം. പാരമ്പര്യത്തിന്റെ നിധികുംഭങ്ങളെല്ലാം നഷ്ടപ്പെട്ട് ബഹിർഭാഗസ്ഥമായ കോസ്മോപോളിറ്റൻ എഴുത്തിലേക്കും ജീവിതത്തിലേക്കും മലയാളി അന്നു നിപതിക്കുകയും ചെയ്യും.

ബദരി നാരായൺ സ്വാതന്ത്ര്യമെന്ന ലേൺഡ് റിയാലിറ്റിയെക്കുറിച്ചാണു സംസാരിച്ചത്. അദ്ദേഹം ജനിച്ച ഗ്രാമപ്രദേശങ്ങളിൽ സ്വാതന്ത്ര്യം എന്ന വാക്കേ ആരുംകേട്ടിരുന്നില്ല. സാമൂഹികഘടനയുടെ പരിധിക്കകത്തു സാധാരണ ജനങ്ങൾ പ്രേമത്തിനും കാമത്തിനും ധിക്കാരത്തിനും തെറിപറയലിനും കക്കലിനുമുള്ള തങ്ങളുടെ സ്വാതന്ത്ര്യം ആഘോഷിച്ചുകൊണ്ടിരുന്നു. പ്രീകൊളോണിയൽ കാലത്ത് ഏറ്റവും താഴെക്കിടയിലുള്ള അടിയാളനും അവന്റേതായ സ്വയംനിർണയാവകാശത്തിന്റെ സ്വാതന്ത്ര്യമുണ്ടായിരുന്നു. കൊളോണിയൽ ആധുനികതയായിരിക്കാം സ്വാതന്ത്ര്യത്തെ വിലപിടിപ്പുള്ള വസ്തുവാക്കി മാറ്റിയത്. മൈ ഫ്രീഡം എൻഡ്സ് വേർ യുവർ നോസ് ബിഗിൻസ് എന്ന ആപ്തവാക്യത്തിന്റെ സാർവലൗകിക പ്രസക്തിയിൽ അഭിരമിച്ചാണ് ബദരി നാരായൺ തന്റെ അവതരണം അവസാനിപ്പിച്ചത്. അനന്ത് വിജയ്, ശരൺകുമാർ ലിംബാലെ എന്നിവരും തങ്ങളുടെ ഭാഷാപരിപ്രേക്ഷ്യത്തെ ആധാരമാക്കി സ്വാതന്ത്ര്യ സങ്കൽപത്തെ വിശദീകരിച്ചു. ശരൺകുമാർ ലിംബാലെയുടെ നിശിതമായ നിരീക്ഷണങ്ങൾ വലിയ കയ്യടിയോടെയാണ് സദസ്സ് സ്വീകരിച്ചത്.

സ്വാതന്ത്ര്യത്തിന്റെ അക്കാദമികവും താത്വികവുമായ വശങ്ങളാണ് ഈ സെഷനിൽ പ്രധാനമായും പരിഗണിക്കപ്പെട്ടത്. അതുകൊണ്ടുതന്നെ ആഢ്യമായൊരു ഗൗരവം ചർച്ചയിൽ നിറഞ്ഞുനിന്നു. എങ്കിലും വർഗീയ-ജാതീയ ശക്തികളിൽനിന്നു സ്വന്തം കഴുത്തു സംരക്ഷിക്കാനുള്ള എഴുത്തുകാരന്റെ സ്വാതന്ത്ര്യത്തെക്കുറിച്ച് ആരും കാര്യമായി പരാമർശിച്ചില്ല. കൽബുർഗി, ഗോവിന്ദ് പൻസാരെ, ഗൗരി ലങ്കേഷ് തുടങ്ങിയ പേരുകളൊന്നും ഉച്ചരിക്കപ്പെട്ടില്ല.

**ഗ്രാമപ്രദേശങ്ങളിൽ സ്വാതന്ത്ര്യം എന്ന വാക്കേ ആരും കേട്ടിരുന്നില്ല. സാമൂഹികഘടനയുടെ പരിധിക്കകത്തു സാധാരണ ജനങ്ങൾ പ്രേമത്തിനും കാമത്തിനും ധിക്കാരത്തിനും തെറിപറയലിനും കക്കലിനുമുള്ള തങ്ങളുടെ സ്വാതന്ത്ര്യം ആഘോഷിച്ചുകൊണ്ടിരുന്നു.**

അത്യന്തംആഴമേറിയ ചിന്തകളാണ് ലിറ്റററി ഹെറിറ്റേജ് ഓഫ് ഇന്ത്യ എന്ന പാനൽ ചർച്ചയും ഉൽപാദിപ്പിച്ചത്. ഒരു എഴുത്തുകാരന്റെ ഹെറിറ്റേജിൽ എന്തെല്ലാം ഉൾച്ചേർന്നിരിക്കുന്നു? പ്രാചീനമായ ഉപലബ്ധികൾ മാത്രമാണോ ഹെറിറ്റേജായി എണ്ണാവുന്നത്? പിൽക്കാലത്തു വന്നുചേർന്ന സാംസ്കാരിക ധാരകളും ഹെറിറ്റേജിന്റെ ഭാഗമാകുമോ? ഹെറിറ്റേജ് മോണോലിത്തിക് ആണോ? പൊതുവായ ഇന്ത്യൻ ഹെറിറ്റേജിനു പുറമേ ഓരോ പ്രാദേശിക ഭാഷകൾക്കും അവയുടേതായ ഹെറിറ്റേജില്ലേ? ആദിവാസി സാഹിത്യവും എഴുതപ്പെടാത്ത ജനകീയകൃതികളും ഇന്ത്യൻ അക്ഷര പൈതൃകത്തെ പ്രതിനിധീകരിക്കുമോ? ഇങ്ങനെ ഒട്ടേറെ ചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് സെഷന്റെ ആധ്യക്ഷ്യം വഹിച്ച നന്ദകിഷോർ ആചാര്യ തന്റെ അവതരണം ആരംഭിച്ചത്. ഏതായാലും തർക്കമറ്റ മൂന്നു പൈതൃകങ്ങളുടെ ഉറവിടങ്ങളായി വാല്മീകിയെയും വ്യാസനെയും കാളിദാസനെയും അദ്ദേഹം അടയാളപ്പെടുത്തി. കാളിദാസന്റെ മഹത്വത്തെക്കുറിച്ച് നന്ദകിഷോർ ആചാര്യ വല്ലാതെ വാചാലനാകുകയും ചെയ്തു.

എങ്ങനെയാണ് തന്റെ ഭാഷാസാഹിത്യം പൈതൃകത്തിന്റെ പരിമിതികളെ മറികടന്നത് എന്നതായിരുന്നു പ്രഗല്ഭ ഒഡിയൻ നിരൂപകനായ ജതിൻ നായക്കിന്റെ ചിന്താവിഷയം. 1938ൽ മാതൃഭാഷയെ അടിസ്ഥാനമാക്കിയ സംസ്ഥാനമായി ഒഡീഷ പരിണമിച്ചു. അക്കാലത്ത് സാംസ്കാരികരംഗത്ത് ഇടപെട്ട കമ്യൂണിസ്റ്റുകൾ ഒഡീഷയുടെ സോകോൾഡ് സമ്പന്ന പൈതൃകത്തെയൊന്നും തിരിഞ്ഞുനോക്കിയില്ല. നേരേമറിച്ച് പുറംലോകത്തേക്കു കണ്ണയച്ചു. ടോൾസ്റ്റോയിയെയും ഡോസ്റ്റോവ്സ്കിയെയും ഒറിയൻഭാഷയിലേക്കു വിളിച്ചുവരുത്തി. ആശ്ചര്യപ്പെടുത്തുന്ന പുതുമയും ഊർജസ്വലതയുമാണ് അവരുടെ പ്രവർത്തനം ഒഡിയൻ സാഹിത്യത്തിനു സമ്മാനിച്ചത്.

പൈതൃക മാഹാത്മ്യത്തിൽ മയങ്ങിവീണ് സ്വസ്വത്വത്തെ കരിങ്കല്ലാക്കുന്നതിനു പകരം അപരപാരമ്പര്യങ്ങളുടെ തുറസ്സിലേക്കു പറക്കാനായിരുന്നു ജതിൻ നായക്കിന്റെ ആഹ്വാനം. തുടർന്നുള്ള അവതാരകർ മഹാകാവ്യം, ഖണ്ഡകാവ്യം തുടങ്ങിയ സാഹിത്യരൂപങ്ങളുടെ ഹെറിറ്റേജിനെക്കുറിച്ചാണ് അന്വേഷണം മുന്നോട്ടുകൊണ്ടുപോയത്.

ഫെമിനിസം ആൻഡ് ലിറ്ററേച്ചർ എന്ന സെഷൻ നമിത ഗോഖലയുടെ ആധ്യക്ഷ്യത്തിൽ നിറഞ്ഞ സദസ്സിൽ നടത്തപ്പെട്ടു. ജയ്പുർ ലിറ്ററേച്ചർ ഫെസ്റ്റിവലിന്റെ സാരഥിയെന്ന ആത്മവിശ്വാസത്തോടെയും ആധികാരികതയോടെയുമായിരുന്നു അവരുടെ സംസാരം. ഐ ആം നോട്ട് എ ടെക്സ്റ്റ് ബുക്ക് ഫെമിനിസ്റ്റ് എന്നും ഒരു ഇസത്തെയും താൻ പൂർണമായി വിശ്വസിക്കില്ലെന്നും പറഞ്ഞുകൊണ്ടാണ് നമിത ഗോഖല അവതരണം തുടങ്ങിയത്. ഓക്സ്ഫഡ് നിഘണ്ടു ഫെമിനിസത്തിനു നൽകുന്ന അർഥത്തെയും അവർ കൂട്ടുപിടിച്ചു. ഫെമിനിസ്റ്റ് പരിപ്രേക്ഷ്യത്തിൽ വല്ലാതെ ഊന്നുമ്പോൾ ദലിത്, ട്രാൻസ്ജൻഡർ എന്നീ ഘടകങ്ങൾ മറയ്ക്കപ്പെടുമെന്നു നമിത വിലയിരുത്തി.

തെലുങ്കുകവിയും പണ്ഡിതയും നിരൂപകയുമായ മൃണാളിനിയാണ് ഫെമി

നിസം ആൻഡ് ലിറ്ററേച്ചർ സെഷനിൽ സമഗ്രമായ നിരീക്ഷണങ്ങൾ കാഴ്ച വച്ചത്. വുമൺ റൈറ്റിങ്ങും ഫെമിനിസ്റ്റ് റൈറ്റിങ്ങും തമ്മിലുള്ള വ്യത്യാസത്തെ ഉന്മീലനം ചെയ്തുകൊണ്ട് അവർ തന്റെ അവതരണം ആരംഭിച്ചു. 1970നു മുൻപും തെലുങ്കിൽ നല്ല സാഹിത്യ സൃഷ്ടികൾ സ്ത്രീകളുടേതായി ഉണ്ടായിരുന്നു. അവയെല്ലാം വുമൺ റൈറ്റിങ്ങിൽ ഉൾപ്പെടുന്നു. എന്നാൽ 1970നു ശേഷം ഉദയംകൊണ്ട ഫെമിനിസ്റ്റ് റൈറ്റിങ് സമീപനത്തിൽ സമൂലമായ പരിവർത്തനം സൃഷ്ടിച്ചു. ഫെമിനിസ്റ്റുകൾ കഥ പറയുകയോ കവിത രചിക്കുകയോ മാത്രമല്ല ചെയ്തത്. അതിലൂടെ അവർ തങ്ങളെ സ്വയം കണ്ടെത്തുകകൂടിയായിരുന്നു. സ്വന്തം സംഘർഷങ്ങളും നിരാശതകളും വിധിവൈപരീത്യങ്ങളും ഫെമിനിസ്റ്റ് എഴുത്തുകാരുടെ രചനകൾ സംവഹിച്ചു. ഫ്രീഡം ഫ്രം സ്റ്റീരിയോടൈപ്പിങ്ങാണ് സ്ത്രീവാദ കൃതികളുടെ പ്രധാന സവിശേഷത. സ്ത്രീകളെ അമ്മ, ഭാര്യ, സഹോദരി, കാമുകി എന്നീ റോളുകളിൽ കുരുക്കിയിടാൻ ഫെമിനിസ്റ്റുകൾ അനുവദിച്ചില്ല. തങ്ങളെ പുരുഷന്മാരെപ്പോലെ മനുഷ്യവ്യക്തികളായി പരിഗണിക്കണംഎന്നതായിരുന്നു അവരുടെ ആവശ്യം.

സ്ത്രീവാദ എഴുത്തു തുടങ്ങിയത് പ്രാദേശിക സാഹിത്യത്തിലായിരുന്നു എന്നതാണ് മൃണാളിനി ചൂണ്ടിക്കാട്ടിയ മറ്റൊരു സുപ്രധാന വസ്തുത. ഇന്ത്യനിംഗ്ലീഷ് എഴുത്തിലോ പാൻ ഇന്ത്യൻ എഴുത്തിലോ ഫെമിനിസ്റ്റ് എഴുത്തിന്റെ അങ്കുരങ്ങൾ പൊതുവെ കണ്ടെടുക്കാനാകില്ല. വലിയൊരു ഉൾവെളിച്ചം നൽകുന്നതായിരുന്നു ഈ നിരീക്ഷണം. ആത്മസാക്ഷാൽക്കാരത്തിന്റെയും സമൂഹസാക്ഷാൽക്കാരത്തിന്റെയും ഉദ്യമങ്ങൾ പ്രാദേശിക സാഹിത്യത്തിലാണ് ആദ്യം സംഭവിക്കുക എന്നതാണത്. ഇന്ത്യനിംഗ്ലീഷ് എഴുത്തും പാൻ ഇന്ത്യൻ എഴുത്തും കൂറ്റൻ കച്ചവടത്തെ ലക്ഷ്യമാക്കിയാണല്ലോ രചിക്കപ്പെടുന്നത്.

പുരുഷാധിപത്യഘടനയിൽ പുരുഷനും ഇരയാണെന്ന ആശയവും മൃണാളിനി ഉയർത്തിപ്പിടിച്ചു. ആണുങ്ങളെ വ്യക്തിപരമായി ശത്രുസ്ഥാനത്തു നിർത്താൻ അവർ ഒരിക്കലും തയാറായില്ല. പുരുഷാധിപത്യഘടനയുടെ ഇരകളായി ആണിനെയും പെണ്ണിനെയും പരിഗണിക്കാനാണ് മുതിർന്നത്. ഒന്നു കണ്ണീരൊഴുക്കാനോ വാവിട്ടുകരയാനോ നിവൃത്തിയില്ലാതെ പൗരുഷപീഠത്തിൽ മരുവേണ്ടി വരുന്ന അവനെപ്രതി അവർ പരിതപിക്കുകയും ചെയ്തു.

യൂണിറ്റി ഇൻ ഡൈവേഴ്സിറ്റി എന്ന സെഷൻ ഇന്നത്തെ സാമൂഹിക രാഷ്ട്രീയ പരിപ്രേക്ഷ്യത്തിൽ വളരെ അർഥവത്തായി. നമ്മുടെ എഴുത്തുകാരനും പത്രപ്രവർത്തകനുമായ ജോസ് പനച്ചിപ്പുറം പങ്കെടുത്ത ആ സമ്മേളനത്തിൽ ബഹുസ്വരതയ്ക്കു പരമപ്രാധാന്യം നൽകിക്കൊണ്ടാണ് ഏകത്വത്തിനായുള്ള ആഹ്വാനമുയർന്നത്. എങ്ങനെ വ്യത്യസ്ത സാംസ്കാരിക ഭാഷാസ്വത്വങ്ങൾ ഒരുമിച്ചു സന്തോഷത്തോടെ കഴിഞ്ഞുകൂടാമെന്നതിന്റെ ദൃഷ്ടാന്തമായി പാപ്പുവ ന്യൂഗിനിയുടെ ഭാഷാവൈവിധ്യവും നമ്മുടെ കൊച്ചിയുടെ സാംസ്കാരിക പൈതൃകവും ചൂണ്ടിക്കാട്ടുകയും ചെയ്തു.

സ്റ്റോറി ടെല്ലിങ് ട്രഡിഷൻസ് ഇൻ ഇന്ത്യ എന്ന സെഷനിലും മൾട്ടി ലിംഗ്വൽ ഷോർട്ട് സ്റ്റോറി റീഡിങ്സിലുമാണ് ഞാൻ പങ്കെടുത്തത്. പ്രശസ്ത എഴുത്തുകാരനും വിദേശ സർവകലാശാലകളിൽ വിസിറ്റിങ് പ്രഫസറുമായ ഹരീഷ് ത്രിവേദിയായിരുന്നു സ്റ്റോറി ടെല്ലിങ് ട്രഡിഷൻസ് സെഷനിലെ അധ്യക്ഷൻ. പൊളിറ്റിക്കലി കറക്റ്റായിരിക്കില്ല, എങ്കിലും ഭാരതീയ കഥന പാരമ്പര്യവും പേർഷ്യൻ കഥന പാരമ്പര്യവും കൂടിക്കലരാതെയാണ് ഇന്ത്യയിൽ പുലർന്നതെന്ന, ധാരാളം അഭിപ്രായവ്യത്യാസങ്ങൾ ക്ഷണിച്ചുവരുത്തുന്ന നിരീക്ഷണം അദ്ദേഹം മുന്നോട്ടുവച്ചു. കേരളത്തിലെ കഥാകഥന പാരമ്പര്യത്തെ ചാക്യാർകൂത്തിനെ മുൻനിർത്തിയാണ് ഞാൻ അവതരിപ്പിച്ചത്.

മേൽസൂചിപ്പിച്ച സെഷനുകൾക്കു പുറമെ ഡസൻ കണക്കിനു സമ്മേളനങ്ങൾ ഉന്മേഷയിൽ ഉണ്ടായിരുന്നു. അതോടൊപ്പം ബഹുഭാഷാ കാവ്യാവതരണങ്ങളും കഥാവായനകളും ഉണ്ടായി. ശ്യാമമാധവത്തിന്റെ ഇംഗ്ലീഷ് പരിഭാഷയുടെ ഒരു ഭാഗം പ്രഭാവർമ കവിയരങ്ങിൽ അവതരിപ്പിച്ചു. ആലങ്കോട് ലീലാകൃഷ്ണൻ മലയാളഭാഷയുടെ ശബ്ദമാധുര്യം പോയട്രി റീഡിങ് സെഷനിൽ പ്രസരിപ്പിച്ചു.

ഇന്ദുമേനോൻ 'ഞാൻ എന്തിന് എഴുതുന്നു' എന്ന ചർച്ചാസമ്മേളനത്തിൽ പങ്കെടുത്തു. മുൻ ചീഫ് സെക്രട്ടറിയും കവിയുമായ വി.പി.ജോയി, സാവിത്രി രാജീവൻ, വിജയരാജ മല്ലിക, ആര്യാംബിക, മയൂര ശ്രേയാംസ്കുമാർ, പരിസ്ഥിതി ചിന്തകൻ ജി.മധുസൂദനൻ, എസ്. മഹാദേവൻ തമ്പി, എം.ബി.മിനി എന്നിവരും മലയാളത്തെ പ്രതിനിധീകരിച്ചു.

സ്വാതന്ത്ര്യത്തിന്റെയും മനുഷ്യാവകാശത്തിന്റെയും ബഹുസ്വരതയുടെയും ദർശനങ്ങൾക്കൊപ്പം പ്രതിലോമകരമായ ആശയങ്ങളും ഉന്മേഷയിൽ ഉയർന്നുവന്നെങ്കിലും നിറഞ്ഞുനിന്ന സംവാദാത്മകത പ്രതിലോമപരതകളെ ആത്യന്തികമായി തളർത്തി എന്നതാണ് ഉന്മേഷകൊണ്ടുണ്ടായ പ്രധാന പ്രയോജനം.

◆